**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **19-09-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ ലഭിച്ച ഹോംസ്റ്റേകൾ തിരിച്ചറിയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകൾക്ക് ഇന്ത്യയ്ക്കകത്തും വിദേശത്തും സഞ്ചാരികൾക്കിടയിൽ നല്ല മതിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ എടുത്തശേഷം ഹോംസ്റ്റേ ആയി നടത്തപ്പെടുന്ന ഇത്തരം വീടുകളെ എയർ ബി.എൻ.ബി, ബുക്കിംഗ്.കോം, ബുക്ക് മൈ ട്രിപ്പ് പോലുള്ള ഓൺലൈൻ ബുക്കിംഗ് പോർട്ടലുകളിൽ വേർതിരിച്ചറിയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | വിനോദ സഞ്ചാരവകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകിയ ഹോംസ്റ്റേകളുടെ വിവരങ്ങൾ കേരള ടൂറിസത്തിന്റെ ഒഫീഷ്യൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് മാർക്കറ്റിങ് നൽകി വരികയാണ് ചെയ്യുന്നത് . ഇത്തരം യൂണിറ്റുകളെ എയർ ബി എൻ ബി , ബുക്കിംഗ് ഡോട്ട് കോം , ബുക്ക് മൈ ട്രിപ്പ് പോലുള്ള ഓൺലൈൻ പോർട്ടലുകളിൽ വേർതിരിച്ചറിയുന്നതിനായി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകളിൽനിന്ന് തനതായ കേരളീയ കുടുംബ അന്തരീക്ഷത്തിലുള്ള പെരുമാറ്റവും വീട്ടിലെ ഭക്ഷണവും കേരളത്തിന്റെ തനത് സംസ്കാരവും സഞ്ചാരികൾക്ക് അനുഭവവേദ്യമാകുമെന്നിരിക്കേ ഓൺലൈൻ പോർട്ടലുകളിൽ ഇത്തരം ഹോം സ്റ്റേയാണെന്നവകാശപ്പെട്ട് ബുക്കിംഗ് എടുക്കുകയും എന്നാൽ മേൽ സൂചിപ്പിച്ച സൗകര്യങ്ങൾ നല്കാതെ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്കാരായി നിയമിച്ച് നടത്തിക്കുന്ന സാഹചര്യമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വിനോദസഞ്ചാരികൾ കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകുന്ന ഹോംസ്റ്റേകളുടെ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നുണ്ട് . സഞ്ചാരികൾക്ക് വിനോദസഞ്ചാര വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ച് ഹോംസ്റ്റേ തെരഞ്ഞെടുക്കാവുന്നതാണ് . |
| (സി) | സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകൾ 1200-ൽ താഴെ മാത്രമാണെങ്കിലും ഓൺലൈൻ ബുക്കിംഗ് ഏജൻസികളിൽ 5000 പ്രോപ്പർട്ടികൾ ലിസ്റ്റ് ചെയ്തിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ലാസിഫിക്കേഷൻ നേടിയ ഹോംസ്റ്റേകളെ തിരിച്ചറിയുന്നതിനും അതില്ലാത്ത വീടുകളെ ഹോംസ്റ്റേകൾ എന്ന പേരിൽ മാർക്കറ്റ് ചെയ്യുന്നതും | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകുന്ന ഹോംസ്റ്റേകളുടെ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നുണ്ട് . ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകളെ തിരിച്ചറിയുന്നതിനും അതില്ലാത്ത വീടുകളെ ഹോംസ്റ്റേകൾ എന്ന പേരിൽ മാർക്കറ്റ് ചെയ്യുന്നതും അവിടങ്ങളിൽ സഞ്ചാരികളെ |

| | | | |
|---|---|---|---|
| | അവിടങ്ങളിൽ സഞ്ചാരികളെ താമസിപ്പിക്കുന്നതും ഒഴിവാക്കുന്നതിനായി നിയന്ത്രണം കൊണ്ടുവരുന്നതിനും ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | താമസിപ്പിക്കുന്നതും ഒഴിവാക്കുന്നതിനായി നിയന്ത്രണം കൊണ്ടുവരുന്നകാര്യം പരിശോധിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ